ക്കുവാൻ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഒന്നാം ക്ലാസ്സു മുതൽ നടപ്പിലാക്കി വരുന്ന പുതിയ പാഠ്യപദ്ധതിയിൽ മാതൃഭാഷയ്ക്ക് വളരെയേറെ പ്രാമുഖ്യം നൽകിയിട്ടുണ്ട്. മാതൃഭാഷയിലെ പ്രാവീണ്യം, ആശയവിനിമയശേഷികൾ എന്നിവയ്ക്കും മാതൃഭാഷയിലൂടെയുള്ള ശാസ്ത്രപഠനത്തിനും അർഹമായ പ്രാധാന്യം നൽകിയിട്ടുണ്ട്.

(ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) ഉന്നത വിദ്യാഭ്യാസത്തിന് മാതൃഭാഷ മാദ്ധ്യമമാക്കുക എന്നത് അഭികാമ്യം ആണെങ്കിലും അനുയോജ്യമായ ശാസ്ത്ര സാങ്കേതിക പാഠാവലി തയ്യാറാക്കുന്നത് ഉൾപ്പെടെ നിരവധി പ്രശ്നങ്ങൾ തരണം ചെയ്യേണ്ടതിനാൽ ഈ മാറ്റം ഉടൻ നടപ്പിൽ വരുത്തുക പ്രായോഗികമല്ല.

(ഡി) സിവിൽ സർവ്വീസ് പരീക്ഷ ഹിന്ദിയിലെഴുതാമെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ഇ) ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താം.

മി.സ്പീക്കർ : ചോദ്യം 259

2 (*259) സ്കൂൾതലത്തിലെ ഭാഷാപഠനം

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. ജി. സുധാകരൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി സ്കൂൾതലത്തിൽ നിലവിലുള്ള ഭാഷാപഠനക്രമത്തിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിന് ഉദ്ദേശ്യമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തെ സ്കൂളുകളിലെ പാഠ്യപദ്ധതി സംബന്ധിച്ച സമീപന രേഖയിൽ ഭാഷാ പഠനക്രമത്തെ സംബന്ധിച്ച് എന്തെങ്കിലും വ്യക്തമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ പ്രൈമറി സ്കൂൾതലത്തിൽ അറബി, ഉറുദു, സംസ്കൃതം എന്നീ ഭാഷാപഠനം നിറുത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് സ്കൂൾ പാഠ്യപദ്ധതിയെ സംബന്ധിച്ച് സമീപന രേഖ പുറത്തിറക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) നിലവിലുള്ള ഭാഷാ പഠനക്രമത്തിൽ മാറ്റം വരുത്താൻ ഉദ്ദേശമില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എസ്.സി.ഇ.ആർ.ടി. പുറത്തിറക്കിയ കരട് വിദ്യാഭ്യാസ സമീപനരേഖയിൽ അറബി, ഉറുദു, സംസ്കൃതം എന്നീ ഭാഷകളുടെ പഠനത്തിൽ ചില മാറ്റങ്ങൾ നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ ഇവയുടെ പഠനം സംബന്ധിച്ച് നിലവിലുള്ള രീതി തന്നെ നിലനിറുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) അറബി, ഉറുദു, സംസ്കൃതം എന്നീ ഭാഷാപഠനങ്ങൾ നിറുത്തലാക്കാൻ യാതൊരു ഉദ്ദേശവും ഇല്ല.

(ഡി) സംസ്ഥാനത്ത് പ്രീ-പ്രൈമറിതലം മുതൽ ഹയർ സെക്കന്ററി തലംവരെയുള്ള പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിന് മുന്നോടിയായി എസ്.സി.ഇ.ആർ.ടി., ഒരു കരട് വിദ്യാഭ്യാസ സമീപനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഇത് വ്യാപകമായ ചർച്ചകൾക്ക് വിധേയമായതിനുശേഷം അന്തിമ രൂപം നൽകുന്നതാണ്.

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : സർ, മലയാള തനിമയെക്കുറിച്ച് ഊറ്റംകൊള്ളുന്ന നമ്മുടെ നാട്ടിൽ ഭരണത്തിന്റെ ഇടനാഴിയിലും സിരാകേന്ദ്രങ്ങളിലും ഇപ്പോഴും ആംഗലഭാഷ തന്നെയാണ് ആധിപത്യം പുലർത്തുന്നത്. നമ്മുടെ നിയമസഭയുടെ നടപടിയുടെ പശ്ചാത്തലമൊരുക്കുന്ന നടപടിയിൽപോലും ഇംഗ്ലീഷാണ് പ്രധാന പങ്ക് വഹിക്കുന്നത്. അത് നമ്മുടെ ഭരണത്തെയും ജനാധിപത്യത്തെയും സാധാരണ ജനങ്ങളിൽനിന്നും അന്യവൽക്കരിക്കുകയാണ്. ഈ ദുഃസ്ഥിതി ഒഴിവാക്കുന്നതിന് സർവ്വതല സ്പർശിയായ മലയാളവൽക്കരണത്തിന് അങ്ങ് മുൻകൈയെടുക്കുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : ഇപ്പോഴത്തെ സ്ഥിതി പത്താംക്ലാസ് പാസ്സായാലും മലയാളം ശരിക്ക് എഴുതാൻ അറിഞ്ഞുകൂടാ എന്നുള്ളതാണ്. മലയാളവും അറിഞ്ഞുകൂട, ഇംഗ്ലീഷും അറിഞ്ഞുകൂട. അതുകൊണ്ട് ഭാഷാനൈപുണ്യം നമ്മുടെ കുട്ടികളിൽ വളർത്തിയെടുക്കേണ്ടതായിട്ടുണ്ട്. മലയാള ഭാഷ നന്നായി പഠിപ്പിക്കുക, അത് നന്നായി ആശയവിനിമയം ചെയ്യാൻ കുട്ടികളെ കഴിവുള്ളവരാക്കുക. കാപ്പിയുടെ സ്പെല്ലിംഗ് ഇംഗ്ലീഷിൽ എഴുതിയത് 'KAPPY' എന്നാണ്. Coffee എന്നതിലെ ഒരൊറ്റ അക്ഷരംപോലും ഇല്ല. അതുപോലെ മലയാളം എഴുതുന്ന കുട്ടികളുമുണ്ട്. ഒരു വാക്കിലെ മുഴുവൻ അക്ഷരങ്ങളും തെറ്റിച്ച് എഴുതുന്നവരുണ്ട്-പത്താംക്ലാസ് പാസ്സാകുന്നവർ. അതുകൊണ്ട് മലയാളഭാഷ നന്നായി പഠിപ്പിക്കാനുള്ള ഒരു സമീപനമാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. മാദ്ധ്യമം രണ്ടാമത്തെ കാര്യമാണ്.

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്നതിന് എതിരല്ല. പക്ഷെ ഇംഗ്ലീഷ് മാധ്യമപഠനം പൂർണ്ണമായി അനുവദിച്ചുകൊണ്ട് മലയാളത്തെ പ്രോൽസാഹിപ്പിക്കാൻ കഴിയുകയില്ല. അൺഎയ്ഡഡ് ആയിട്ടുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പ്ലസ്ടു അനുവദിക്കുന്നതിന് എന്തെങ്കിലും നീക്കം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടോ; അത് വിശദമാക്കുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : രണ്ടും രണ്ട് ചോദ്യമാണ്. ആദ്യത്തെ 4-ാം ക്ലാസ്സുവരെ കുട്ടികൾ മലയാളം മീഡിയത്തിൽ തന്നെ പഠിക്കണമെന്നുള്ളതു തന്നെയാണ് ഗവൺമെന്റിന്റെ സമീപനം. വീട്ടിൽ കൊച്ചുനാൾമുതൽ അമ്മയിൽ നിന്നു കിട്ടുന്ന ഭാഷ-ആശയങ്ങൾ രൂപംകൊള്ളുന്ന സമയമാണ്- ആ ഭാഷയിൽതന്നെ ഈ സ്കൂളുകളിൽ വരുന്നത് ഒട്ടേറെ കാര്യങ്ങൾ ഗ്രഹിച്ചിട്ടാണ്. സംസാരിക്കുന്ന ആ ഭാഷയിൽതന്നെ പഠിപ്പിക്കുന്നതാണ് നല്ലത്. ലോക

LIBRARY ARCHIVES Kerala Legislative Assembly

ത്തിലെ എല്ലാ രാജ്യങ്ങളും അംഗീകരിച്ചിരിക്കുന്ന കാര്യമാണ്. അതുകൊണ്ട് 4-ാം ക്ലാസുവരെ മലയാളഭാഷ പഠിക്കണം. ഇപ്പോൾ കുണു മുളയ്ക്കുന്നതു പോലെ നാട്ടിൽ മുഴുവൻ അനുവാദമില്ലാതെ ഇംഗ്ലീഷ് മീഡിയം ഒന്നു മുതൽ 4-വരെ പ്രൈവറ്റ് സ്റ്റഡിയാണ്. മുമ്പ് പ്രൈവറ്റ് സ്റ്റഡിയ്ക്ക് അവിടെ പരീക്ഷ എഴുതാൻ അനുവദിച്ചിരുന്നു. ഈ വർഷം ഇത്തരത്തിൽ ഒരൊറ്റ സ്കൂളിലും വച്ച് പരീക്ഷ എഴുതാൻ അനുവദിക്കുകയില്ല എന്ന് കഴിഞ്ഞവർഷം തീരുമാന മെടുത്തു. പ്രൈവറ്റ് സ്റ്റഡി ഉപയോഗിച്ച് അംഗീകാരമുള്ള മറ്റ് സ്കൂളുകളിൽ പരീക്ഷ എഴുതാം. അതോടുകൂടി പകുതി സ്കൂളുകൾ നിന്നുപോകും. ബഹു മാനപ്പെട്ട എം.എൽ.എ.മാർ ഇതിനെക്കുറിച്ച് പറയുന്നുണ്ട്. അതുകൊണ്ട് കർശനമായ നിലപാടാണ് എടുത്തിട്ടുള്ളത്. അത്തരത്തിലുള്ള സ്കൂളുകളിൽ ഇത്തവണ പരീക്ഷ എഴുതാൻ അനുവദിക്കുകയില്ല. ഇങ്ങനെയുള്ള ചില റസ്ട്രിക്ഷൻസ് ഉണ്ട്. വേറെ ചില കാര്യങ്ങളും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ജി. സുധാകരൻ</u> : സർ, മലയാളഭാഷയിൽ അതിമനോഹരമായി പ്രസംഗിക്കാനും സംസാരിക്കാനും കഴിവുള്ള, അക്കാര്യം കേരളമാകെ അംഗീ കരിക്കുന്ന ആളാണ് നമ്മുടെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി. ഇവിടെ ഈ രണ്ട് ചോദ്യങ്ങൾക്കും നൽകിയ മറുപടിയോട് പൂർണ്ണമായി ഞാൻ വിയോജിക്കുന്നു. ചില ഡിസ്ക്ഷൻസ് നടന്നിട്ടുണ്ട്, നടന്നിട്ടുണ്ടോ ഇല്ലയോ എന്ന ആശയം വേറെ വരും. ബഹുമാനപ്പെട്ട ടി.എം. ജേക്കബും ഇ.ടി. മുഹമ്മദ് ബഷീറും വിദ്യാഭ്യാസ മന്ത്രിമാരായിരുന്ന കാലത്തെ അതേ ഭാഷാനയം തന്നെയാണ് ഇപ്പോഴും വിദ്യാഭ്യാസ വകുപ്പ് തുടരുന്നത് എന്ന തിൽ പ്രതിഷേധിച്ചുകൊണ്ട് ചോദിക്കട്ടെ, മലയാളത്തിന്റെ മക്കൾ പഠിക്കുന്ന എസ്.എസ്.എൽ.സി. പരീക്ഷയുടെ റാങ്ക് എങ്കിലും മലയാളത്തിൽ എഴുതുന്ന വർക്കായി റിസർവ് ചെയ്യുകയും മറ്റ് ഭാഷകളിൽ എഴുതുന്നവർക്ക് ആ ഭാഷ യിൽ റാങ്ക് കൊടുക്കുകയും ചെയ്യണമെന്നുള്ള സാമാന്യമര്യാദ ഉണ്ടെന്നി രിക്കെ ഇപ്പോൾ അങ്ങയുടെ മറുപടിയിൽ അൽപ്പം പ്രോൽസാഹനമുള്ളതു കൊണ്ട് അങ്ങ് ശക്തമായിട്ട് ഒന്ന് ആലോചിച്ചു തുടങ്ങുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : ഇംഗ്ലീഷ് മീഡിയത്തിലേയ്ക്കുള്ള പോക്കിനെ നിരുത്സാഹപ്പെടുത്താനാണ് ഈ നിർദ്ദേശമെന്നു ഞാൻ കരുതുകയാണ്. അനേകം കുട്ടികൾ ചേർന്നു പോയിരിക്കുന്നു. ഞാൻ ഈ ആശയം അംഗീക രിക്കുകയാണ്. ഒരു സഫിഷ്യന്റ് നോട്ടീസ് വേണം. കാലക്രമത്തിൽ മലയാള ത്തിനും ഇംഗ്ലീഷിനുമായിട്ട് റാങ്ക് നിശ്ചയിക്കുന്നതിന് ഞാൻ ആശയപരമായി യോജിക്കുന്നു.

<u>ശ്രീ. ജി. സുധാകരൻ</u> : എട്ടു ദിവസം കഴിഞ്ഞ് പുതിയ നൂറ്റാണ്ട് അല്ലെ ങ്കിൽ നവസഹസ്രാബ്ദത്തെ വരവേൽക്കാൻ നമ്മുടെ കേരളമാകെ ഒരുങ്ങിയി രിക്കുന്ന ഈ അവസരത്തിൽ, അദ്ധ്യയന മാദ്ധ്യമം മാതൃഭാഷയിലാക്കാനുള്ള നടപടികൾ ഉണ്ടാകണമെന്ന് ഉത്തരവാദപ്പെട്ട എല്ലാ വിദ്യാർത്ഥിസംഘടന കളും അദ്ധ്യാപകസംഘടനകളും ബുദ്ധിജീവികളും രാഷ്ട്രീയപ്രസ്ഥാന ങ്ങളും പറഞ്ഞുവരുന്ന സാഹചര്യത്തിൽ "അന്യ ഭാഷാബ്ധിയിൽ ആണ്ടാണ്ട് പൊങ്ങിയ ധന്യരേ നിങ്ങൾതൻ വേല പാഴിൽ" എന്ന് ദേശീയ മഹാകവി, മലയാളത്തിലെ വള്ളത്തോൾ പാടിയ സാഹചര്യത്തിൽ അതിനുള്ള ആരംഭം കൂടി കുറിയ്ക്കാൻ, അതിനുള്ള സംരംഭങ്ങൾ ഒരുക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് മാനസികമായി തയ്യാറെടുക്കുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : സ്കൂളുകളിൽ ഓപ്ഷണലാണ്. മലയാളം മീഡിയത്തിലോ ഇംഗ്ലീഷ് മീഡിയത്തിലോ പഠിക്കാം. പക്ഷേ, ഇംഗ്ലീഷ് മീഡി

യത്തിലേയ്ക്കുള്ള ഒഴുക്കു തടയാൻ, കേരള സിലബസ്സിനപ്പുറത്തുള്ള സി.ബി. എസ്.ഇ, ഐ.സി.എസ്.ഇ-യിലേയ്ക്കുള്ള ഒഴുക്കു തടയാൻ, ഇവിടെ ചില കാര്യങ്ങൾ ഗൗരവമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഈ വർഷം തന്നെ അതിനെപ്പറ്റി തീരുമാനം എടുത്ത് പ്രഖ്യാപിക്കും. അങ്ങോട്ടുള്ള ഒഴുക്ക് തടയാനുള്ള ചില ഒന്നാംതരം മാർഗ്ഗങ്ങൾ ഉണ്ട്. കുട്ടികൾ അങ്ങോട്ടു പോകാതിരിക്കാൻ പല മാർഗ്ഗങ്ങളും കണ്ടെത്തിയിട്ടുണ്ട്. പ്രൊഫഷണൽ കോഴ്സുകൾക്ക് ചേരുന്നവർക്ക് അവിടെ പോയാൽ വലിയ പ്രയോജന മൊന്നും ഇല്ലാത്ത കാര്യങ്ങൾ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. എൻട്രൻസ് പരീക്ഷയുടെ കമ്മിറ്റിയുടെ ശുപാർശ ദീർഘകാലാടിസ്ഥാന ത്തിൽ നടപ്പാക്കാൻ വേണ്ടിയുള്ള ക്യാബിനറ്റ് സബ് കമ്മിറ്റിയുണ്ട്. ആ ക്യാബിനറ്റ് സബ് കമ്മിറ്റി ഈ വർഷം തന്നെ ഈ കാര്യത്തിൽ ഒരു തീരു മാനം എടുക്കും. അതിന്റെ വിശദാംശം ഇപ്പോൾ പറയുന്നില്ല. തീരുമാനം എടുക്കാതെ പറയാൻ കഴിയില്ല. നിർദ്ദേശങ്ങളും പറയുന്നില്ല. അത് തടയാൻ കഴിയും. (രണ്ട്) കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗം മലയാള ഭാഷയി ലേയ്ക്ക് പോകണമോ? ഗൗരവമായി ആലോചിക്കേണ്ട ഒരു കാര്യമാണ്. എന്തുകൊണ്ട് ഹിന്ദി അടിച്ചേൽപ്പിക്കുന്നു എന്നുള്ള വിഷയം നിൽക്കുകയാ ണ്. അതിനെ തടഞ്ഞുനിർത്തിയിരിക്കുന്നതെന്താണ്? ഇൻഡ്യയിൽ ഹിന്ദി അടിച്ചേൽപ്പിക്കുന്നത് തടഞ്ഞുനിർത്തിയിരിക്കുന്ന കാര്യങ്ങൾ എന്താണ്? ഇംഗ്ലീഷ്ഭാഷ തന്നെയാണ്. ഇത് ആർക്കാണ് നിഷേധിക്കാൻ കഴിയുന്നത്. തമിഴ്നാട്ടിലും, കേരളത്തിലും, ഓരോരുത്തരും അവരുടെ ഭാഷ ഇംഗ്ലീഷ് വേണ്ടെന്നുവെച്ചാൽ ഹിന്ദി സംസാരിക്കുന്നവരുടെ മേധാവിത്വമായിരിക്കും. അതുകൊണ്ട് ഹിന്ദി അടിച്ചേൽപ്പിക്കുന്നതിനെ തടഞ്ഞുനിർത്താൻ, അതുകൊ ണ്ടാണ് ഇത് തുടരണമെന്ന് ജവഹർലാൽ നെഹ്റുവിന്റെ കാലത്തുതന്നെ തീരുമാനിച്ചത്. നമ്മുടെമേൽ ഹിന്ദി അടിച്ചേൽപ്പിക്കുന്നത് തടയാനായിട്ട് ഇംഗ്ലീഷ് തുടരാം. അതല്ലാതെ മലയാളത്തിൽ എഴുതിയതുകൊണ്ട്, അഖി ലേൻഡ്യാതലത്തിലുള്ള പരീക്ഷ മലയാളത്തിൽ എഴുതി ജയിക്കാൻ കഴി യുമോ? അതുകൊണ്ട് അക്കാര്യത്തിലൊരു പ്രായോഗികമായ സമീപനം നമുക്ക് ആവശ്യമാണ്. ഇന്ന് ഈ ഇൻഫർമേഷൻ ടെക്നോളജിയുടെ യുഗ ത്തിൽ, മലയാളികൾ എത്രപേർ ഈ കേരളത്തിൽ ജോലി ചെയ്യുന്നു, എത്ര പേർ കേരളത്തിനു പുറത്ത് ജോലി ചെയ്യുന്നു. എണ്ണം എടുത്തിട്ടുണ്ടോ? കൃത്യമായ ഒരു കണക്ക് എടുക്കേണ്ടതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വകുപ്പിൽനിന്നും ഇതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. കേരളത്തിൽ പ്രതി മാസശമ്പളത്തിന് ജോലിചെയ്യുന്നതിനേക്കാൾ കൂടുതൽ മലയാളികൾ കേരള ത്തിന് വെളിയിൽ ജോലി ചെയ്യുന്നു, ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിൽ ജോലിചെയ്യുന്നു എന്നു മാത്രമല്ല ഗൾഫ്നാടുകളിൽ ജോലിചെയ്യുന്നു, വിദേ ശരാജ്യങ്ങളിൽ ജോലി ചെയ്യുന്നു. കേരളത്തിൽ ജോലി ചെയ്യുന്നതിന്റെ മൂന്നി രട്ടി മലയാളികൾ കേരളത്തിന് വെളിയിൽ ജോലിചെയ്യുന്നു. എന്നാൽ മലയാ ളത്തിലേയ്ക്ക് മീഡിയം പോകുന്നതിൽ എന്തർത്ഥമാണുള്ളത്? ഈ പ്രായോ ഗിക സമീപനം അവിടെ എടുക്കേണ്ടതായിട്ടുണ്ട്. ഒരു കാരണവശാലും ഉന്നത വിദ്യാഭ്യാസരംഗത്ത് ഇപ്പോൾ ഇംഗ്ലീഷ് മീഡിയം ഉപേക്ഷിക്കാൻ പാടില്ലാ എന്നുള്ളതുതന്നെയാണ് അഭിപ്രായം.

<u>ശ്രീ. ടി.കെ. ബാലൻ</u> : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറയു മ്പോൾ കുട്ടികൾ ഇംഗ്ലീഷ് അക്ഷരത്തെറ്റുകൾ വരുത്തുന്നതിനെ സംബന്ധിച്ച് പറഞ്ഞു. ഉദാ: കോഫിക്ക് കാപ്പി, എന്നെഴുതി എന്നു പറഞ്ഞു. പക്ഷേ വടക്കേ മലബാറിലൊക്കെ കൊളോക്യൽ ലാംഗ്വേജ് 'കാപ്പിക്ക്'

LIBRARY ARCHIVES Kerala Legislative Assembly

'കപ്പി'യെന്നാണ് പറയുന്നത്. നമ്മുടെ കുട്ടികൾ അടക്കം കാപ്പിക്ക് പകരം കപ്പിയെന്നാണ്. പറയുന്നത്. എനിക്കുള്ള ഒരു നിർദ്ദേശം-നമ്മുടെ കുട്ടികളെ ഈ കൊളോക്യൽ ലാംഗ്വേജുകൂടി പരിചയപ്പെടുത്തത്തക്കവിധത്തിൽ പ്രൈമറിതലം മുതൽ തന്നെ അതിനനുസൃതമായിട്ടുള്ള ഒരു പദ്ധതിയെപ്പറ്റി ഗവൺമെന്റ് ആലോചിക്കുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : ഈ കൊളോക്യൽ ലാംഗ്വേജ് എന്താണെന്ന് കുട്ടികൾ മനസ്സിലാക്കുന്നത് നല്ലതാണ്. പക്ഷേ പഠിക്കുന്നത് കേരളമാകെ മനസ്സിലാകുന്ന ഒരു രീതിയിലായിരിക്കണം. മലബാറിൽ 'കാപ്പിയ്ക്ക്' പകരം 'കപ്പി' ആണ് ഉപയോഗിക്കുന്നത് എന്ന് കുട്ടികളെ പരിചയപ്പെടുത്തും. പക്ഷേ എഴുതുന്നത് 'കാപ്പി' എന്നുതന്നെയായിരിക്കണം.....ബഹളം.....ഞാൻ പറഞ്ഞത് കാപ്പിയെന്ന് കൂട്ടണ്ട. കോഴിയ്ക്ക് പകരം 'കോയി' എന്നു പറയുന്ന സ്ഥലങ്ങൾ ഇല്ലേ? അതുകൊണ്ട് കുട്ടികളെ പഠിപ്പിക്കുമ്പോൾ യഥാർത്ഥത്തിലുള്ള മലയാളം, അത് നമ്മൾ അംഗീകരിച്ചിട്ടുള്ളത് പഠിപ്പിക്കുകയെന്നുള്ളതാണ്. ഭാഷാജ്ഞാനം കുട്ടികൾക്ക് ഉണ്ടാകുന്നത് നല്ലതാണ്.

<u>ശ്രീ. ടി.കെ. ബാലൻ</u> : ഇംഗ്ലീഷ് പഠനത്തിൽ ഇംഗ്ലീഷ് എഴുതുന്നതിലോ ഇംഗ്ലീഷ് പറയുന്നതിലോ എന്തെങ്കിലും തെറ്റുകൾ വന്നാൽ ആളുകൾ അതിനെ സംബന്ധിച്ച് വളരെ സെൻസിറ്റീവ് ആണ്. പക്ഷേ മലയാളത്തിൽ അക്കാര്യങ്ങൾ നമ്മൾ സാധാരണ ഭാഷയിൽ സംസാരിക്കുമ്പോൾ അത് ഇഗ്നോർ ചെയ്യുകയാണ്. യഥാർത്ഥത്തിൽ ഇന്ന് മലയാള വ്യാകരണത്തെ സംബന്ധിച്ചിടത്തോളം ഈ പറഞ്ഞതിൽ വേണ്ടത്ര ഊന്നൽ നൽകുന്നില്ല. അതുകൊണ്ട് നമ്മുടെ എസ്.എസ്.എൽ.സി. ക്ലാസ് വരെയുള്ള മലയാള പഠനത്തിൽ, വ്യാകരണ പഠനത്തിന് തക്കതായ ഊന്നൽ കൊടുക്കുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : ഭാഷാപഠനത്തെ സംബന്ധിച്ചുള്ള പുതിയ സമീപനം മലയാള ഭാഷ, സാഹിത്യത്തിലൊക്കെ നൈപുണ്യം നേടാൻ കഴിവുള്ളവരൊക്കെ ആ വഴിയ്ക്ക് പോകട്ടെ. വർക്കിംഗ് നോളജ് ഓഫ് ദി ലാംഗ്വേജ്, ഇതാണ് ഭാഷാപഠനത്തെ സംബന്ധിച്ചിടത്തോളം ഉള്ളത്. നമ്മുടെ ഇവിടത്തെ ആളുകൾ ഒരു കൊല്ലം കൊണ്ട് പൂനയിൽ പോയി ജർമ്മൻ ഭാഷ പഠിച്ച് ജർമ്മൻ യൂണിവേഴ്സിറ്റിയിൽ പോയില്ലേ? ഒരു മീഡിയം ആയി ഒറ്റക്കൊല്ലംകൊണ്ട് പൂനയിൽ പോയി ജർമ്മൻ പഠിച്ച് ജർമ്മൻ യൂണിവേഴ്സിറ്റിയിൽ പോയി. അതുപോലെ ഫ്രഞ്ച് പഠിക്കാൻ ഒരു കൊല്ലം ഒന്നരക്കൊല്ലം. ഒറ്റ ശാസ്ത്രവിഷയം പഠിക്കുവാൻ നമുക്ക് അത്രയും അറിവ് വേണ്ട. അതുകൊണ്ട് നമ്മൾ ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന ഒരു സമീപനം ഭാഷയുടെ ആശയപ്രകടനത്തിന് കുട്ടികളെ പ്രാപ്തരാക്കുക എന്നുള്ളതാണ്. അതുകൊണ്ട് അതിന് ചിത്രം വരച്ചും ദൃക്സാക്ഷിവിവരണം നടത്തി കഥ പറയൽ, കഥാപ്രസംഗം എന്നുള്ള രീതികൾ ഒക്കെ അവലംബിച്ചു വരുകയാണ്. താഴ്ന്ന ക്ലാസുകളിൽ വലിയ വ്യത്യാസമുണ്ട്. ഞാൻ പലപ്പോഴും പറഞ്ഞിട്ടുണ്ട് നമ്മുടെ സ്കൂളുകളിൽ അതായത് മൂന്നാം ക്ലാസ്സിൽ, നാലാംക്ലാസ്സിലൊക്കെ ചെന്നു നോക്കണം. മലയാളഭാഷ നന്നായി കൈകാര്യം ചെയ്യുന്ന കുട്ടികൾ ഉണ്ട്. ധാരാളം എഴുത്തുകൾ എനിക്ക് വരുന്നുണ്ട്. കുട്ടികളെ എഴുത്തെഴുതാൻ പ്രേരിപ്പിക്കുക, സ്വന്തക്കാർക്കും ബാക്കിയുള്ളവർക്കുമൊക്കെ എഴുത്തെഴുതുക, ധാരാളം കുട്ടികൾ എഴുത്തെഴുതിക്കൊണ്ടിരിക്കുകയാണ്. എഴുതാനും, പറയാനും മലയാളം നന്നായി അറിയാമെങ്കിലേ ഇംഗ്ലീഷ് പഠിച്ചാലും പറയുകയുള്ളൂ. അതുകൊണ്ട് ആത്മവിശ്വാസത്തോടുകൂടി ആശയപ്രകടനം നടത്തുവാൻ കുട്ടികളെ പ്രാപ്തരാക്കുക. പിന്നെ ഇത് പലപ്പോഴും ഉപയോഗിക്കു

LIBRARY ARCHIVES Kerala Legislative Assembly

മ്പോൾ ശരിയായ ഭാഷ കിട്ടിക്കൊള്ളും. വ്യാകരണം പഠിച്ചതുകൊണ്ടുമാത്രം ഇത് കിട്ടില്ല. എസ്.സി.ഇ.ആർ.ടി-യിൽ എടുത്തിരിക്കുന്ന സമീപനം ഇതാണ്. വ്യാകരണം പഠിപ്പിക്കണം. വ്യാകരണം പഠിച്ചുപോകേണ്ടത് മലയാളഭാഷ നന്നായി പഠിയ്ക്കാൻ, മലയാളം ലിറ്ററേച്ചർ പഠിക്കാൻ ആഗ്രഹിക്കുന്ന വർക്കാണ് കൂടുതലായി ഊന്നൽ കൊടുക്കേണ്ടത്. നല്ലതുപോലെ തെറ്റുകൂടാതെ എഴുതാൻ, പറയാൻ, പഠിപ്പിക്കുക എന്നുള്ളതാണ് ശ്രീ. ടി.കെ. ബാലൻ ഉദ്ദേശിച്ചതെന്ന് ഞാൻ കരുതുന്നു.

<u>ശ്രീ. എൻ. കണ്ണൻ</u> : സർ, നാലാം ക്ലാസ് വരെയുള്ള ക്ലാസുകളിൽ മലയാളം പഠിപ്പിക്കുന്നതിനുവേണ്ടി ഒട്ടനവധി പരിപാടികൾ ഗവൺമെന്റ് തയ്യാറാക്കി എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. നാലാം ക്ലാസിനു ശേഷം പ്രൈമറി തലത്തിൽ ഇത് തെറ്റുകൂടാതെ പഠിക്കാനും പഠിപ്പിക്കാനും എന്തൊക്കെ സംവിധാനമാണ് ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : സർ, നമ്മുടെ സ്കൂൾ പാഠ്യപദ്ധതിയുടെ ഒരു സമീപനരേഖ മെമ്പർമാർക്കെല്ലാം നൽകിയിരുന്നു. അതുകൊണ്ടാണല്ലോ സമീപന രേഖ എന്ന് പറഞ്ഞത്. അതിന്റെ കരടാണ് നൽകിയത്. ധാരാളം ആക്ഷേപങ്ങൾ ഉണ്ടായി. അതെല്ലാം പരിശോധിച്ച് കഴിഞ്ഞ കരിക്കുലം മുതൽ അതിന് അന്തിമരൂപം കൊടുത്തിട്ടുണ്ട്. കഴിയുമെങ്കിൽ ഈ സഭ പിരിയുന്നതിനുമുമ്പ് അതിന്റെ കോപ്പികൾ നൽകുന്നതാണ്. ഇത് ഒട്ടേറെ ചർച്ചകൾക്കുശേഷമാണ്, അഭിപ്രായങ്ങൾ പറയാനുള്ള സമയം ഉണ്ടായിരുന്നു. സമയം കൊടുത്തു. അതിൽ ഭാഷാപഠനത്തിന് നന്നായി പ്രാധാന്യം കൊടുത്തിട്ടുണ്ട്.

<u>ശ്രീ. എൻ. കണ്ണൻ</u> : സർ, മലയാളഭാഷാപഠനം നല്ലരീതിയിൽ സംഘടിപ്പിക്കുന്നതിനുവേണ്ടി മൂന്നാം ക്ലാസ്സുമുതൽ ഒരു പ്രത്യേക കോച്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനെപ്പറ്റി ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : ഒന്നാംക്ലാസ്സ് മുതൽ കുട്ടികൾ കാണുന്നത് അവർ വിവരിക്കുകയാണ്. ആറ്, ഏഴ് ഗ്രൂപ്പുകളായി ക്ലാസ്സുകൾ തിരിച്ചു കൊണ്ട് ആ കുട്ടികൾ ചർച്ചചെയ്യുക, ഓരോ കാര്യങ്ങളെപ്പറ്റി പറയുക, മുഴുവൻ ക്ലാസ്സിലിരുന്നല്ലല്ലോ പഠിപ്പിക്കുന്നത്. ക്ലാസ്സിന് വെളിയിൽ പോയി ചെടികൾ കളക്ട്ചെയ്യുക, ചുറ്റുപാടുമുള്ള ചെടികൾ, വൃക്ഷങ്ങൾ ഒക്കെ പരിചയപ്പെടുക അത് കുട്ടികൾ എഴുതുക, അത് വിവരിക്കുക, ഇങ്ങനെ നന്നായി കാര്യങ്ങൾ പ്രകടിപ്പിക്കുവാൻ ഒട്ടേറെ അവസരങ്ങളാണ്. കഥ പറയുക, ചിത്രം വരച്ച് അതിന് അടിക്കുറിപ്പുകൾ എഴുതുക ഇങ്ങനെ ഒട്ടേറെ രീതികൾ അവലംബിക്കുന്നതുകൊണ്ട് കുട്ടികളുടെ ഭാഷാശേഷി തീർച്ചയായിട്ടും പതിൻമടങ്ങ് വർദ്ധിച്ചിരിക്കുന്നു. പ്രൈമറി ക്ലാസ്സിൽ എനിക്ക് ആത്മവിശ്വാസത്തിൽ പറയാൻ കഴിയും. നേരിട്ട് അത് ബോധ്യപ്പെടുക, കൂടുതൽ ഫലപ്രദമാക്കണം. ബഹുഭൂരിപക്ഷം അധ്യാപകരും ഇതിലേയ്ക്ക് വന്നിരിക്കുന്നു. ഒരു പുതിയ രീതിയിൽ നടപ്പിലാക്കുമ്പോൾ അത് വിജയപ്രദമാക്കാൻ മുന്നുനാല് കൊല്ലം എടുക്കും. ഈ പുതിയ രീതിയിലൂടെ നാലാംക്ലാസ്സ് പാസ്സാകുമ്പോഴേയ്ക്കും കുട്ടികൾ നന്നായി മലയാളത്തിൽ എഴുതാനും സംസാരിക്കാനും ആത്മവിശ്വാസത്തോടുകൂടി തങ്ങളുടെ ആശയപ്രകടനം നടത്താനും പ്രാപ്തരാകുമെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല.

<u>ശ്രീ. ജി. കാർത്തികേയൻ</u> : ശ്രീ. സുധാകരന്റെ ചോദ്യത്തിന്റെ ആദ്യഘട്ടത്തിൽ നൽകിയ മറുപടിയ്ക്ക് വ്യത്യസ്തമായി രണ്ടാമത് അങ്ങ് പറഞ്ഞു,

LIBRARY ARCHIVES Kerala Legislative Assembly

ഉന്നതവിദ്യാഭ്യാസരംഗത്ത് ബോധനമാദ്ധ്യമം മലയാളമാക്കുന്നതിനുള്ള ചർച്ചകൾ നല്ലതാണെന്ന് അങ്ങ് പറഞ്ഞു. ഇവിടെ മൽസരയുഗമാണ്. വ്യക്തികളും സമൂഹവും നിലനിൽപിനുവേണ്ടിയുള്ള മൽസരത്തിന്റെ കാലമാണിത്. കേരളത്തിന്റെ ഏറ്റവും വലിയ എക്സ്പോർട്ടിംഗ് ഐറ്റം മാൻ പവർ ആണ്. മനുഷ്യസമ്പത്താണ് നമ്മൾ ഏറ്റവുമധികം കയറ്റുമതി ചെയ്യുന്നത്. കൂടുതൽ മലയാളികൾ കൂട്ടമായി താമസിക്കുന്നത് കേരളത്തിൽ അല്ല. ഏറ്റവും കൂടുതൽ മലയാളികൾ കൂട്ടമായി താമസിക്കുന്നത് ഇൻഡ്യയിലെ ബോംബെയിലാണ്. ഈ കേരളത്തിൽ ഇല്ല. 19 ലക്ഷം മലയാളികൾ എവിടെയാണ് കേരളത്തിലുള്ളത്. ഞാൻ ശുദ്ധമായി മലയാളം പഠിച്ചുവന്ന ആൾ ആണ്. എന്റെ മക്കളെ ഞാൻ പഠിപ്പിക്കുന്നത് ഡി.പി.ഇ.പി.യിൽ അല്ല. ആ കാപട്യവും എനിക്കില്ല. ഞാൻ മലയാളഭാഷയ്ക്ക് എതിരുമില്ല. മലയാളഭാഷയെ സ്നേഹിക്കുന്ന ഒരാളാണ്. വില്ലേജാഫീസിലെ പ്യൂൺ ഈ Y2K -യിൽ കൺഫ്യൂഷനായി നിൽക്കുകയാണ്. ഈ 2000 ആകുമ്പോൾ എന്റെ ജില്ലയിൽ കമ്പ്യൂട്ടർ ഉണ്ടാകുന്നതുകൊണ്ട് അന്തംവിട്ടിരിക്കുന്നു. മലയാളിയുടെ മലയാളം എവിടെ? മലയാളത്തിനെ സ്നേഹിക്കുക, മലയാളം ഇഷ്ടമുള്ളവരെ പഠിക്കാൻ സമ്മതിക്കുക. എൻട്രൻസ് പരീക്ഷയിലൂടെ ജീവിതത്തെ വെട്ടിപ്പിടിക്കുവാൻ നിൽക്കുന്ന കുട്ടികളുള്ള കേരളത്തിൽ ബോധനമാധ്യമമായി ഉന്നതവിദ്യാഭ്യാസരംഗത്ത് ഇംഗ്ലീഷ് ആക്കുന്നതിനെക്കുറിച്ചുള്ള ചർച്ചകൾപോലും ഗുണകരമാകുമോയെന്നുള്ളതിനെക്കുറിച്ച് അങ്ങയുടെ നിലപാട് വ്യക്തമാക്കുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : അത് ഞാൻ വ്യക്തമാക്കിക്കഴിഞ്ഞു. ബഹുമാനപ്പെട്ട കാർത്തികേയൻ അൽപ്പംകൂടി മനസ്സിലാക്കിയാൽ കൊള്ളാം. ഡി.പി.ഇ.പി. എന്നല്ല പേര്, പുതിയ പാഠ്യപദ്ധതി, പുതിയ പഠനരീതി, ഇവിടെ തന്നെ കുട്ടികളെ വിടുകയുള്ളൂ. ഒരു കൊല്ലംകൂടി കഴിഞ്ഞാൽ ഇംഗ്ലീഷ് മീഡിയത്തിലേയ്ക്കുള്ള ഒഴുക്ക് ഒരു 80 ശതമാനം തടയപ്പെട്ടിരിക്കും. അതിനുള്ള തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. ഇംഗ്ലീഷ് മീഡിയം കൊണ്ട് ഒരു വിശേഷവുമില്ലാത്ത നില ഉണ്ടാക്കിത്തരാം.

<u>ശ്രീ. ലോനപ്പൻ നമ്പാടൻ</u> : കേരളത്തിൽ സംസ്കൃത സർവ്വകലാശാലയെപോലെ മലയാളഭാഷയും പരിഷ്കാരവും പരിപോഷിപ്പിക്കുന്നതിനുവേണ്ടി ഒരു മലയാള സർവ്വകലാശാല തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : സർവ്വകലാശാലയെപ്പറ്റിയുള്ള ആശയങ്ങൾ നമുക്ക് ഒന്നുകൂടി ചർച്ചചെയ്യപ്പെടേണ്ടതാണ്. മലയാളം നന്നായി പഠിക്കുവാനുള്ള ഒരു ഉന്നത സെന്റർ ഓഫ് എക്സലൻസാണ് ബഹുമാനപ്പെട്ട നമ്പാടൻ ഉദ്ദേശിച്ചിരിക്കുന്നത്. അതിനോട് പൂർണ്ണമായി യോജിക്കുന്നു.

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> : മലയാളം പ്രോൽസാഹിപ്പിക്കാൻ സർക്കാരിൽ സകല നടപടികളുമെടുക്കുന്നുണ്ടെന്ന് പറയുന്നു. പറഞ്ഞ്, പറഞ്ഞ് "കേരളം" എന്നുള്ളത് ഇല്ലാതായി 'കേരള' എന്നായിരിക്കുന്നു. സർക്കാർ കാര്യങ്ങളിലും മറ്റു കാര്യങ്ങളിലും മലയാളം മലയാളത്തിൽതന്നെ പഠിപ്പിക്കുവാൻ ഒരു ഏർപ്പാടുണ്ടാക്കുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : മലയാളം മലയാളത്തിൽ എന്നുള്ളത് ശരി, ഇംഗ്ലീഷ് മലയാളത്തിൽ പഠിപ്പിക്കുന്നതോ? ഇംഗ്ലീഷും പഠിക്കുന്നില്ല, മലയാളവും പഠിക്കുന്നില്ല, കണക്കും പഠിക്കുന്നില്ല എന്നുള്ളതാണ് ശരി. കേരളം കേരളം തന്നെ, കേരള എന്ന് ഇംഗ്ലീഷിൽ എഴുതുന്നത് തർജ്ജമയിലുള്ളതാണ്. കേരളം- കേരളം തന്നെയാണ്. അതിന് സംശയമില്ല. ഈ കാര്യങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തമായ സമീപനം ഗവൺമെന്റിനുണ്ട്. ഒരു കൊല്ലത്തിനുള്ളിൽ അതിന്റെ റിസൾട്ടുണ്ടാകും, രണ്ടു കൊല്ലം വേണ്ട.

ശ്രീമതി ആർ. ലതാദേവി : നമ്മുടെ സംസ്ഥാനത്ത് ഇന്ന് മലയാളം തെറ്റായിട്ട് ഉച്ചരിക്കുന്നതും അതുമാതിരി പ്രാകൃതമായിട്ട് അത് ഉപയോഗിക്കുന്നതും ഒക്കെ വലിയ ഫാഷനായിട്ട് ചില ആളുകളുടെയിടയിൽ എങ്കിലും മാറിക്കൊണ്ടിരിക്കുന്നു. അതോടൊപ്പം തന്നെ ഒരിക്കലും ഈ കേരളത്തിൽ ഉണ്ടായിക്കൂടാത്ത തരത്തിൽ പല ഇംഗ്ലീഷ്മീഡിയം അൺഎയ്ഡഡ് സ്കൂളുകളിലും മലയാളഭാഷ സംസാരിക്കുന്ന കുട്ടികളെ വളരെയധികം പീഡിപ്പിക്കുകയും അവർക്ക് പിഴശിക്ഷ വിധിക്കുകയും ചെയ്യുന്നതായിട്ട് പരാതിയുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇത്തരം സ്കൂളുകൾ ഈ സംസ്ഥാനത്ത് നിലവിലുണ്ടെന്നുള്ളതിനെക്കുറിച്ചും ഒരു സർവ്വേ നടത്തുകയും അങ്ങനെ എവിടെയെങ്കിലും ചെയ്യുന്നുണ്ട് എന്നുണ്ടെങ്കിൽ ആ സ്കൂൾ അധികാരികൾക്കെതിരായി മാതൃകാപരമായിട്ടുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുമോ?

ശ്രീ. പി.ജെ. ജോസഫ് : പീഡിപ്പിക്കുകയെന്നുള്ള വാക്ക് വലിയ കുഴപ്പമുണ്ടാക്കുന്നതാണ്. അതേപ്പറ്റി പ്രത്യേകം അന്വേഷിക്കാം. അന്വേഷിക്കാതെ പറയാൻ നിവൃത്തിയില്ല. പക്ഷേ ഏതായാലും ഗവൺമെന്റിന്റെ അംഗീകാരം ഇല്ലാതെ നടക്കുന്ന സ്കൂളുകൾ ആ നിലയിൽ തുടരാൻ അനുവദിക്കുവാൻ പാടില്ല. ഗവൺമെന്റിന്റെ അംഗീകാരമില്ലാതെ നടക്കുന്ന സ്കൂളുകൾ ഇന്നത്തെ നിലയിൽ തുടരാൻ ഗവൺമെന്റ് ഒരിക്കലും അനുവദിക്കുകയില്ല. അത്തരം സ്കൂളുകളിലാണ് ഇത്തരം പ്രവണതകളുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി വളരെ പ്രതീക്ഷ നൽകുന്നതാണ്. ഗവൺമെന്റ് നല്ല കാര്യങ്ങൾ ചെയ്താൽ കൈയോടുകൂടി അതിനെ അഭിനന്ദിക്കുവാനും കുറ്റം തോന്നിയാൽ വിമർശിക്കാനുമുള്ള സംവിധാനമാണ് ഞങ്ങൾ എടുക്കുന്നത്. ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത്, ഇപ്പോൾ തന്നെ അത്ഭുതകരമായ മാറ്റം സ്കൂളുകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നാണ്. രണ്ടുവർഷം കഴിഞ്ഞാൽ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേയ്ക്കുള്ള ഒഴുക്ക് 80 ശതമാനം തടസ്സപ്പെടുമെന്നാണ്. അത്തരത്തിൽ വിപ്ലവകരമായ മാറ്റം നമ്മുടെ സ്കൂളുകളിൽ വന്നുകഴിഞ്ഞുവെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി പറയുന്നു, ഞാൻ അങ്ങയെ അവിശ്വസിക്കുന്നില്ല, എനിക്കതിൽ വിശ്വാസവും വരുന്നില്ല. നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസത്തിന്റെ ഭാവിയും കുട്ടികളുടെ ഭാവിയുമെല്ലാം വളരെ പ്രധാനപ്പെട്ടതാണ്, അതുകൊണ്ട് അങ്ങ് പറഞ്ഞതാകാം ശരി, എന്റെ സംശയമാകാം ശരി. നമ്മൾ ഒരുപാട് കാര്യങ്ങൾക്ക് സ്റ്റഡി നടത്താറുണ്ടല്ലോ. ഈ അസംബ്ലിയിൽ അപ്പുറത്തും ഇപ്പുറത്തുമുള്ള എം.എൽ.എ.മാരുടെ ഒരു സംഘവും, അതുപോലെ പത്രപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഡി.പി.ഇ.പി. ഉൾപ്പെടെയുള്ള സ്കൂളുകളിൽ ഒരു പഠനം നടത്താനുള്ള ഏർപ്പാട് അങ്ങ് ചെയ്യുമോ?

ശ്രീ. പി.ജെ. ജോസഫ് : കഴിഞ്ഞദിവസം ഞാൻ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള സബ്ജക്ട് കമ്മിറ്റി വിളിച്ചുകൂട്ടി ചർച്ചചെയ്തു, പ്രത്യേക അജണ്ട വച്ചുകൊണ്ടല്ല. ആ സബ്ജക്ട് കമ്മിറ്റിയിൽ എല്ലാ പാർട്ടിയിലെ ആൾക്കാരുമുണ്ടല്ലോ, ആ സബ്ജക്ട് കമ്മിറ്റി ഈ സ്കൂളുകൾ വിസിറ്റ് ചെയ്യുകയും പഠനം നടത്തുകയും ചെയ്യട്ടെ, നമ്മുടെ പത്രപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തട്ടെ, ഞാൻ ആ നിർദ്ദേശത്തോട് യോജിക്കുന്നു. അത് നടത്താം.

മി.സ്പീക്കർ : ചോദ്യം നമ്പർ 238.

LIBRARY ARCHIVES Kerala Legislative Assembly